പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2876 — 07.02.2018-ൽ മറുപടിയ്ക്ക്

## റോഡുകളുടെ വളവുകൾ നിവർത്തിയെടുക്കാൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി.ജോർജ്** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) അപകടസാധ്യത കുറയ്ക്കുവാനായി സംസ്ഥാനത്തെ ചെറുതും വലുതുമായ പി.ഡബ്ല്യൂ.ഡി റോഡുകളുടെ കൊടും വളവുകൾ നിവർത്തിയെടുക്കാൻ ഒരു പുതിയ പദ്ധതി ആസൂത്രണം ചെയ്യുമോ; | (എ) | അപകട സാദ്ധ്യതയുള്ള വളവുകൾ നിവർത്തിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന കാര്യം നിർദ്ദേശങ്ങൾ വരുന്ന മുറയ്ക്ക് പരിഗണിക്കും. |
| (ബി) പദ്ധതിക്കാവശ്യമായ ഭൂമി അതത് പ്രദേശത്തെ ഭൂമി ഉടമകളുമായി ചർച്ച നടത്തി വാങ്ങുകയും പകരമായി ഭൂഉടമകൾക്ക് വളവ് നിവർത്തിക്കുമ്പോൾ ഉണ്ടാകുന്ന പഴയ ഭൂമി (മുമ്പ് വളവായി കിടന്ന സ്ഥലം) വിട്ടു കൊടുക്കണമെന്ന വ്യവസ്ഥയിൽ കരാറുണ്ടാക്കുവാൻ തയ്യാറാകുമോ; | (ബി) & (സി) | അപ്പോൾ പരിഗണിക്കും. |
| (സി) ഇതിനായി പി.ഡബ്ല്യൂ.ഡി ഡിവിഷനുകൾ തോറും ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ